## ആത്മാവിന്റെ നിറവിൽ–1

കേരള ലത്തീൻ കത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി

# പിതാവായ ദൈവം



Green Offset,  Mukkam

**Latin Archbishop's House**
P. B. No. 2581, Kochi-682 031
Kerala, India
E-mail: mail@verapoly.in

## ആശംസ



"ആത്മാവിന്റെ നിറവിൽ" എന്ന ശീർഷകത്തോടെ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മത ബോധന ഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

വിശ്വാസപരിശീലനം എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഓരോ വിശ്വാസിക്കും ലഭിക്കണം. കേരള ലത്തീൻ കത്തോലിക്കാസഭയുടെ തനതായ പാരമ്പര്യവും സംസ്കാരവും ആരാധനക്രമവും വിശ്വാസിസമൂഹം വ്യക്തമായി അറിയുകയും ജീവിക്കുകയും വേണം. ക്രിസ്തുരഹസ്യങ്ങളെയും സഭാജീവിതത്തെയും ആധുനികലോകത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ധീരമായി പ്രഘോഷിക്കുവാൻ വിശ്വാസികളേവർക്കും കടമയുണ്ട്.

ക്രിസ്തുജയന്തി രണ്ടായിരാമാണ്ടിലാണ് കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള വിശ്വാസ പരിശീലന പാഠാവലി തയ്യാറാക്കുക എന്നതായിരുന്നു. ഈ ദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച കമ്മീഷൻചെയർമാൻ അഭിവന്ദ്യ സൂസപാക്യം പിതാവിനും സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും മറ്റ് കമ്മീഷൻ അംഗങ്ങൾക്കും പ്രവർത്തകർക്കും ഞാൻ നന്ദി പറയുന്നു. നമ്മുടെ മക്കളുടെ വിശ്വാസപാതയിൽ വഴിവിളക്കായി ഈ പുസ്തകപഠനം പ്രശോഭിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

**+ ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി., കൊച്ചി
മെയ് 1, 2007

# സമർപ്പണം



ദൈവവചനത്തിന്റെ കൈമാറ്റമാണ് മതബോധനം. വിശുദ്ധഗ്രന്ഥവും പാരമ്പര്യവും ഉൾക്കൊള്ളുന്ന 'വിശ്വാസനിക്ഷേപ'ത്തെ (Depositum Fidei) അപ്പോസ്തലന്മാർ സമസ്തസഭയെയുമാണ് ഭരമേല്പിച്ചിരിക്കുന്നത് (DV 10,1; cf 1 തിമോ. 6:20). ഈ 'വിശ്വാസ നിക്ഷേപം' മുറുകെപിടിച്ചുകൊണ്ട്, വിശുദ്ധജനം മുഴുവനും തങ്ങളുടെ ഇടയന്മാരോടുചേർന്ന് അപ്പോസ്തലിക പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പംമുറിക്കൽ ശുശ്രൂഷയിലും പ്രാർത്ഥനകളിലും വിശ്വസ്തതയോടെ വർത്തിക്കുന്നു (DV 10,1; അപ്പോ. 2:42).

ദൈവവചനപ്രഘോഷണംവഴി ക്രിസ്തുവുമായുള്ള വ്യക്തിബന്ധം വളർത്തിയാണ് ഒരുവൻ ക്രിസ്തുവിൽ രൂപപ്പെടുന്നതും ക്രിസ്തു അവനിൽ രൂപപ്പെടുന്നതും. വിശ്വാസിയിൽ ക്രിസ്തു പൂർണമായി രൂപപ്പെടുന്നതുവരെ (ഗലാ. 4:19) മതബോധനം അവസാനിക്കുന്നില്ല. വിശ്വാസസത്യങ്ങൾ ക്രമവൽകൃതമായി പഠിപ്പിക്കുന്നതിലൂടെ ദൈവികരഹസ്യങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങാനും ക്രിസ്തുവിന്റെ പ്രതിപുരുഷനായി ജീവിച്ച് സമൂഹത്തിൽ ക്രിസ്തുവിനെ സന്നിഹിതനാക്കാനും ക്രിസ്തുവിശ്വാസിക്ക് മതബോധനംവഴി കഴിയുന്നു.

സഭയുടെ പ്രഥമശുശ്രൂഷയായ മതബോധനം സഭയുടെ മുഴുവൻ ജീവനുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനവും മാത്രമല്ല, അതിലുപരിയായ അവളുടെ ആന്തരികവളർച്ചയും ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13).

പുണ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഓർമ്മിപ്പിച്ചിട്ടുള്ളതുപോലെ, മതബോധനഗ്രന്ഥം ക്രിസ്തീയരഹസ്യങ്ങളെക്കുറിച്ചുള്ള അറിവു വളർത്തുന്നതിനും ദൈവജനത്തിന്റെ വിശ്വാസം സജീവമാക്കുന്നതിനും ഹേതുവാകണം. കാലഘട്ടത്തിന്റെ വെല്ലുവിളിയും വളർച്ചയും ഉൾക്കൊണ്ടുകൊണ്ട് മതബോധനപ്രക്രിയയിലും മാറ്റങ്ങൾ അനിവാര്യമാണല്ലോ. "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭ പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ഈ ബോധ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. കേരള ലത്തീൻ കത്തോലിക്കാസഭയുടെ മൗലികമായ ചരിത്രവും പാരമ്പര്യവും ആരാധനക്രമവുമെല്ലാം കാലികമായ പ്രാധാന്യത്തോടെ അവതരിപ്പിക്കുവാൻ ഈ പാഠപുസ്തകങ്ങളിലൂടെ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഏറ്റവും ലളിതമായ ഭാഷയിൽ ആകർഷകമായ രീതിയിൽ ക്രിസ്തുവിന്റെ സുവിശേഷവും സഭയുടെ പ്രബോധനങ്ങളും പകർന്നുകൊടുക്കാൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്.

അത്യന്തം ഉത്തരവാദിത്വവും ശ്രദ്ധയും ആവശ്യപ്പെടുന്ന ഈ ഉദ്യമം കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിയുടെ കീഴിൽ മതബോധന കമ്മീഷൻ ഏറ്റെടുത്തത് വലിയൊരു വെല്ലുവിളിയായിത്തന്നെയാണ്. സർവത്തിന്റെയും ഉറവിടമായ ദൈവത്തിൽ ആശ്രയിച്ച് ആരംഭംകുറിച്ച ഈ സംരംഭം പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ കൃതാർത്ഥതയുണ്ട്. ഇതിന്റെ പൂർത്തീകരണത്തിനായി അക്ഷീണം പ്രവർത്തിച്ച ഏവരെയും നന്ദിയോടെ സ്മരിക്കട്ടെ.

നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസവളർച്ചയ്ക്ക് ഈ പാഠപുസ്തകങ്ങൾ ഉപകരിക്കുമെന്ന പ്രത്യാശയോടെ സർവജനസമക്ഷം ഇവ സമർപ്പിക്കുന്നു.

*+ ആർച്ച്ബിഷപ്പ് സൂസപാക്യം*
ചെയർമാൻ, ബൈബിൾ-മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., തിരുവനന്തപുരം
മെയ് 1, 2007

## കൃതജ്ഞത


"പിതാവിൻ പക്കലേക്ക്," "ക്രിസ്തുവിന്റെ പിന്നാലെ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കു വേണ്ടി തനതായ വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കിയത്. മൂന്നു ഘട്ടങ്ങളിലായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലു മുതൽ ഏഴുവരെയും എട്ടു മുതൽ പന്ത്രണ്ടുവരെയുമുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

ധാരാളംപേരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണ് ഈ പാഠപുസ്തകങ്ങൾ. കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാസഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും സ്നേഹപൂർവം നന്ദി പറയുന്നു. കെ.ആർ.എൽ.സി.ബി.സി.ക്കുവേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായതിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് ജോസഫ് കരിയിൽ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് പ്രത്യേകം നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും റവ. സി. പോളറ്റ് CTC യെയും നന്ദിയോടെ സ്മരിക്കുന്നു.

ഒന്നു മുതൽ മൂന്നുവരെയുള്ള പാഠപുസ്തകങ്ങളുടെ രചനയ്ക്ക് തനതായ സംഭാവനകൾ നൽകിയ ശ്രീ. സിപ്പി പള്ളിപ്പുറത്തോടുള്ള നന്ദി നിസ്സീമമാണ്. തയ്യാറാക്കിയ പുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിച്ച ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും കമ്പ്യൂട്ടർ ലേ ഔട്ടും ഗ്രാഫിക്സും നിർവഹിച്ച ശ്രീ. ലാജൻ ഒറാക്കിളിനും പ്രിന്റിങ് നിർവ്വഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ്സ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*ഡോ. സ്റ്റാൻലി മാതിരപ്പിള്ളി*
സെക്രട്ടറി, ബൈബിൾ-മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി
മെയ് 1, 2007

# ഉള്ളടക്കം


| | | |
|---|---|---|
| 1. | നമ്മുടെ ദൈവം | 7 |
| 2. | എല്ലാം സൃഷ്ടിച്ച ദൈവം | 12 |
| 3. | നാം ദൈവമക്കൾ | 17 |
| 4. | പരിപാലിക്കുന്ന ദൈവം | 21 |
| 5. | ദൈവം മനുഷ്യനായി പിറന്നു | 25 |
| 6. | ഈശോ നമ്മുടെ കൂട്ടുകാരൻ | 30 |
| 7. | നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് | 34 |
| 8. | ഈശോയുടെ അമ്മ നമ്മുടെയും | 38 |
| 9. | നമ്മുടെ ദേവാലയം | 43 |
| 10. | നമ്മുടെ വീട് ദൈവഭവനം | 47 |
| 11. | ദൈവം നമ്മോടു സംസാരിക്കുന്നു | 52 |
| 12. | നമുക്ക് ദൈവത്തോടു സംസാരിക്കാം | 56 |
| | **പതിനഞ്ചുവയസ്സുള്ള വിശുദ്ധൻ** | 61 |

# 1 നമ്മുടെ ദൈവം



ഇതാ, ഒരമ്മക്കിളി കുഞ്ഞു ങ്ങളെ തീറ്റുന്നതു നിങ്ങൾ കണ്ടോ?
ആ അമ്മക്കിളിക്ക് കുഞ്ഞു ങ്ങളോട് എത്ര സ്നേഹമാണല്ലേ?



ഇതാ നോക്കൂ. ഇവിടെ ഒരമ്മപ്പൂച്ച കുഞ്ഞിപ്പൂച്ച കളെ താലോലിക്കുന്നു.
എന്തൊരു രസമാണല്ലേ?




ഈ തൊഴുത്തിനരികി ലേക്ക് ഒന്നു നോക്കൂ. ഒരു തള്ളപ്പശു കുഞ്ഞിന് പാലു കൊടുക്കുന്നു.
എന്തു വാത്സല്യമാണല്ലേ?

അപ്പച്ചൻ തന്റെ മകനെ
തോളിലേറ്റി ലാളിക്കുന്നു.
എന്തു സന്തോഷമാണല്ലേ?



ഇതുപോലെ നമ്മെയെല്ലാം പരിപാലിക്കുന്ന
ഒരു പിതാവുണ്ട്.
ആ പിതാവാണ് ദൈവം.

**ദൈവം സ്നേഹമുള്ള
പിതാവാണ്.**



**ദൈവം നമ്മുടെ പിതാവാണ്.
ദൈവം നമ്മെ സ്നേഹിക്കുന്നു.
ദൈവം നമ്മോടൊപ്പം വസിക്കുന്നു.
നമുക്കും ദൈവസ്നേഹത്തിൽ വളരാം.**

മനുഷ്യരായ നമുക്ക് ശരീരമുണ്ട്. നമുക്കു പരസ്പരം കാണാം.
ദൈവത്തിന് ശരീരമില്ല.

**ദൈവം അരൂപിയാണ്.**




## നമുക്കുപാടാം

താരാട്ടുപാടുവാനമ്മയുണ്ട്
താളം പിടിക്കുവാനച്ഛനുണ്ട്

അമ്മയ്ക്കുമച്ഛനും മീതെയായി
നമ്മെ സ്നേഹിക്കുവാൻ ദൈവമുണ്ട്

ദൈവത്തെ നിത്യം വണങ്ങിടേണം
കൈകൂപ്പി സാദരം വാഴ്ത്തിടേണം



## നമുക്കു ദൈവവചനം ഓർമ്മിക്കാം


ഞാൻ നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രികളും ആയിരിക്കും (2 കൊറി. 6:18).



## നമുക്കു പ്രാർത്ഥിക്കാം

പിതാവായ ദൈവമേ, അങ്ങയെ എപ്പോഴും സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

## നമുക്ക് കണ്ടെത്താം ദൈവം വസിക്കുന്ന ഇടങ്ങൾ






## നമുക്കു പ്രതിജ്ഞചെയ്യാം

രാവിലെ ഉണരുമ്പോഴും രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പും ഞാൻ ദൈവത്തോട് പ്രാർത്ഥിക്കും.

## നിറം കൊടുക്കാം





## സത്പ്രവൃത്തികൾ ശീലിക്കുക

1. മുതിർന്നവർക്ക് സ്തുതി ചൊല്ലുക.
2. ................................................................................................
3. ................................................................................................

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ;

ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ

## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
"ദൈവപിതാവിനെ വാഴ്ത്തീടൂ"



### സ്വർഗസ്ഥനായ പിതാവേ

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.
അങ്ങയുടെ നാമം പൂജിതമാകണമേ
അങ്ങയുടെ രാജ്യം വരണമേ
അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ
ഭൂമിയിലുമാകണമേ
അന്നന്നു വേണ്ടുന്ന ആഹാരം
ഇന്നും ഞങ്ങൾക്കു തരണമേ
ഞങ്ങളോടു തെറ്റുചെയ്യുന്നവരോട്
ഞങ്ങൾ ക്ഷമിക്കുന്നതുപോലെ
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ
തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ
ആമ്മേൻ

# 2 എല്ലാം സൃഷ്ടിച്ച ദൈവം



"അമ്മേ, അമ്മേ,
എത്രയെത്ര പൂക്കളാണ് നമുക്കു
ചുറ്റും വിടർന്നു നില്ക്കുന്നത്!"

"ങ്ഹാ, അതേകുഞ്ഞേ! അല്ലിപ്പൂവും മുല്ലപ്പൂവും ചെത്തിപ്പൂവും സൂര്യകാന്തിപ്പൂവും ഒക്കെയുണ്ട്. എല്ലാം നീ കൺനിറയെ കണ്ടോളൂ"

"അമ്മേ, അമ്മേ, നോക്കൂ,
എന്തെല്ലാം നല്ല കായ്കനികളാണ് നമ്മുടെ തോട്ടത്തിലുള്ളത്!"

"ശരിയാണു കുഞ്ഞേ. ഓറഞ്ചും മുന്തിരിയും പേരയ്ക്കയും ചക്കയും ചാമ്പയ്ക്കയുമെല്ലാമുണ്ട്. ഹായ്!.....കണ്ടിട്ടു നിനക്ക് കൊതി തോന്നുന്നില്ലേ?"

“അമ്മേ, അമ്മേ, അതാ കണ്ടോ,
കുറെ പൂക്കൾ ആകാശത്തേക്കു പറന്നുപൊങ്ങുന്നു!”
“കുഞ്ഞേ, അതു പൂക്കളല്ല;
പൂക്കളെപ്പോലെ ഭംഗിയുള്ള പൂമ്പാറ്റകളാണ്.”

“ആരാണമ്മേ, ഈ പൂക്കളും പഴങ്ങളുമൊക്കെ ഇങ്ങനെ ഉണ്ടാക്കിയത്?
ആരാണ് ഇത്രയ്ക്കു ഭംഗിയുള്ള പൂമ്പാറ്റകളെ ഇങ്ങോട്ടയയ്ക്കുന്നത്?”

**“കുഞ്ഞേ, ഇതെല്ലാം ദൈവമാണു നമുക്കു നല്കിയത്.
എല്ലാം ദൈവം നമുക്കായി സൃഷ്ടിച്ചതാണ്.”**



ദൈവം എല്ലാവർക്കും വേണ്ടി
ആകാശവും ഭൂമിയും സൃഷ്ടിച്ചു.
മനോഹരങ്ങളായ പൂക്കളെയും പക്ഷികളെയും
ദൈവം സൃഷ്ടിച്ചു. ദൈവം സൃഷ്ടിച്ചതിനെയെല്ലാം
നാം സ്നേഹിക്കുകയും വളർത്തുകയും വേണം.



**നമുക്കുപാടാം**




കായും കനികളും നല്കി - എന്നും
ഞങ്ങളെ കാക്കുന്ന താതാ,
പൂവിന്റെ കുഞ്ഞിക്കവിളിൽ - നിത്യം
പൂമണം പൂശുന്ന താതാ,
പൂമ്പാറ്റക്കുഞ്ഞിനുടുക്കാൻ - പട്ടു
പാവാട നെയ്യുന്ന താതാ,
കുഞ്ഞിക്കിടാങ്ങളാം ഞങ്ങൾ - ക്കെന്നും
നേർവഴി കാട്ടണേ താതാ!

**ദൈവം സൃഷ്ടിച്ചവയെ കണ്ടെത്താം**

| പക്ഷികൾ | മൃഗങ്ങൾ | പഴങ്ങൾ | പൂക്കൾ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

## നമുക്കു ദൈവവചനം ഓർമ്മിക്കാം



"ആദിയിൽ ദൈവം
ആകാശവും ഭൂമിയും സൃഷ്ടിച്ചു"
(ഉത്പ. 1:1).

## നമുക്കു പ്രാർത്ഥിക്കാം



എല്ലാം സൃഷ്ടിച്ച ദൈവമേ,
ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.
അങ്ങേയ്ക്ക് നന്ദി പറയുന്നു.

## നമുക്കു പ്രതിജ്ഞ ചെയ്യാം



ദൈവം സൃഷ്ടിച്ചവയെ
ഞാൻ സ്നേഹിക്കും



## സത്പ്രവൃത്തികൾ ശീലിക്കുക

1. വീട്ടിൽ പൂച്ചെടികൾ നട്ടുവളർത്തുക; അവ നിത്യവും നനയ്ക്കുക.

2. ______________________________


3. ______________________________




## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണിപറഞ്ഞു നമ്മോട്:
“സഹജീവികളെ സ്നേഹിക്കൂ”


# 3 നാം ദൈവമക്കൾ



**അപ്പച്ചനെയും അമ്മച്ചിയെയും എന്നെയും സൃഷ്ടിച്ചത് ദൈവമാണ്.**
**ദൈവം നമ്മുടെ പിതാവാണ്.**
**നാം ദൈവമക്കളാണ്.**



ദൈവം ഭൂമിയിലെ എല്ലാറ്റിനെയും സൃഷ്ടിച്ചു. ദൈവത്തിന്റെ ഏറ്റവും നല്ല സൃഷ്ടിയാണ് മനുഷ്യൻ. ദൈവം നമ്മുടെ പിതാവാണ്. നാം ദൈവത്തിന്റെ മക്കളാണ്. നാമെല്ലാവരും സഹോദരങ്ങളാണ്. നാം പരസ്പരം സ്നേഹിക്കണം. നമ്മുടെ സഹജീവികളെയും നാം സ്നേഹിക്കണം.



## നമുക്കുപാടാം



ഒരുമയുള്ള മക്കൾ നാം
കരുണയുള്ള മക്കൾ നാം
അരുമയായ മക്കൾ നാം
**ദൈവമക്കളാണു നാം!**

എളിമയുള്ള മക്കൾ നാം
തെളിമയുള്ള മക്കൾ നാം
സ്നേഹമുള്ള മക്കൾ നാം
**ദൈവമക്കളാണു നാം!**

## പദപ്രശ്നം

| | | | | | |
|---|---|---|---|---|---|
| ൻ | യ | രി | ട്ടു | കൂ | ദ |
| പ്പ | ച്ച | ർ | കാ | രി | ദൈ |
| അ | മ്മ | ടീ | ദ്ര | വി | വം |

മുകളിൽ കൊടുത്തിരിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ച് പദങ്ങൾ കണ്ടെത്തുക. സ്നേഹിക്കേണ്ടവർ ആരൊക്കെയെന്നും ബഹുമാനിക്കേണ്ടവർ ആരൊക്കെയെന്നും കണ്ടെത്തുക.

| സ്നേഹിക്കേണ്ടവർ | ബഹുമാനിക്കേണ്ടവർ |
|---|---|
| ദരിദ്രർ | |
| | |
| | |
| | |
| | |
| | |

| ദൈവമക്കളുടെ സവിശേഷതകൾ |
|---|
| പ്രാർത്ഥിക്കുന്നവർ |
| നന്മചെയ്യുന്നവർ |
| സ്നേഹിക്കുന്നവർ |
| |
| |


## നമുക്കു ദൈവവചനം ഓർമ്മിക്കാം





"പ്രിയപ്പെട്ടവരേ,
നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്"
(1 യോഹ. 3:2).






## നമുക്കു പ്രാർത്ഥിക്കാം

എന്റെ പിതാവായ ദൈവമേ,
എന്റെ കൂട്ടുകാരെയും
എന്റെ കൂടെയുള്ളവരെയും
സ്നേഹിക്കുവാൻ എന്നെ
പഠിപ്പിക്കണമേ.

## നമുക്കു പ്രതിജ്ഞചെയ്യാം

എന്റെ മാതാപിതാക്ക
ളെയും സഹോദരങ്ങ
ളെയും ഗുരുക്കൻമാരെയും
കൂട്ടുകാരെയും ഞാൻ
സ്നേഹിക്കും.






## സത്പ്രവൃത്തികൾ ശീലിക്കുക

എല്ലാ ദിവസവും കുടുംബ
പ്രാർത്ഥനയിൽ ഉറക്കെ
പ്രാർത്ഥിക്കുക.

## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
“തമ്മിൽത്തമ്മിൽ
സ്നേഹിക്കൂ”



# 4 പരിപാലിക്കുന്ന ദൈവം



ദൈവം ഭൂമിയിലെ എല്ലാറ്റിനെയും പരിപാലിക്കുന്നു.
ആകാശത്തിലെ പക്ഷികളെ ദൈവം തീറ്റിപ്പോറ്റുന്നു.
ഭൂമിയിലെ മൃഗങ്ങളെയും സസ്യങ്ങളെയും ദൈവം സംരക്ഷിക്കുന്നു.
ഇവയെക്കാളേറെ ദൈവം നമ്മെ കാത്തുപാലിക്കുന്നു.
ശ്വസിക്കാൻ വായുവും ഭക്ഷിക്കാൻ ആഹാരവും വസിക്കാൻ വീടും
ഉടുക്കാൻ വസ്ത്രവുമൊക്കെനല്കി ദൈവം നമ്മെ പരിപാലിക്കുന്നു.

മാതാപിതാക്കൾ വഴിയും ഗുരുക്കൻമാർ വഴിയും കാവൽമാലാഖമാർ വഴിയും കൂട്ടുകാർ വഴിയും ദൈവം ഒരോ നിമിഷവും നമ്മെ കാത്തുപാലിക്കുന്നു.

**ദൈവം സൃഷ്ടിച്ചവയെല്ലാം നാം പരിപാലിക്കേണ്ടതാണ്.**

## മുഖ്യദൂതൻമാരുടെ പേരുകൾ എഴുതുക



| | | |
|---|---|---|
| | | |

ദൈവപരിപാലനയിൽ എങ്ങനെയെല്ലാം
നമുക്കു പങ്കുചേരാമെന്നു നോക്കാം

1. ഭക്ഷണം മറ്റുള്ളവരുമായി പങ്കുവച്ച്
2. കൂട്ടുകാരെ സഹായിച്ച്

3. ..........................................

4. ..........................................

5. ..........................................

## നമുക്കുപാടാം

കൂട്ടിന്നുണ്ടൊരു മാലാഖ
കൂടെ നടക്കും മാലാഖ

നമ്മുടെ കാലടി തെന്നുമ്പോൾ
കാവലിനുണ്ടൊരു മാലാഖ

കണ്ണീരൊപ്പും മാലാഖ
സാന്ത്വനമേകും മാലാഖ

നമ്മളെ നേർവഴി കാട്ടാനായ്
ദൈവമയച്ചൊരു മാലാഖ!





## നമുക്കു ദൈവവചനം ഓർമ്മിക്കാം

"കണ്ണിന്റെ കൃഷ്ണ
മണിപോലെ എന്നെ കാത്തു
കൊള്ളണമേ. അങ്ങയുടെ
ചിറകിന്റെ നിഴലിൽ എന്നെ
മറച്ചുകൊള്ളണമേ" (സങ്കീ. 17:8).



## നമുക്കു പ്രാർത്ഥിക്കാം

മക്കളായ ഞങ്ങളെ
പരിപാലിക്കുന്ന ദൈവമേ,
അങ്ങയെ ഞങ്ങൾ
സ്തുതിക്കുന്നു.




## നമുക്കു പ്രതിജ്ഞ ചെയ്യാം

എന്റെ കാവൽമാലാഖയെയും മാതാപിതാക്കളെയും സഹോദരങ്ങളെയും കൂട്ടുകാരെയും ഗുരുക്കൻമാരെയും ഞാൻ സ്നേഹിക്കും.


## സത്പ്രവൃത്തികൾ ശീലിക്കുക

1. പരിസരം വൃത്തിയായി സൂക്ഷിക്കുക.
2. ....................................................................................................
3. ....................................................................................................



## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
"കാരുണ്യത്തിൽ വളർന്നീടൂ"




# 5 ദൈവം മനുഷ്യനായി പിറന്നു

ക്രിസ്മസ് രാത്രി


ക്രിസ്റ്റി അമ്മയോടൊപ്പം പള്ളിയിലേക്കു പോയി.
പള്ളിമുറ്റത്ത് അതാ, അതിമനോഹരമായി
അലങ്കരിച്ച ഒരു ക്രിസ്മസ് ട്രീ!
ചുറ്റും പല നിറത്തിലുമുള്ള തോരണങ്ങളും
ബലൂണുകളും! ഇളങ്കാറ്റിൽ തൂങ്ങിയാടുന്ന
നക്ഷത്രവിളക്കുകൾ!........





പള്ളിക്കകത്തെ പുൽക്കൂടു കണ്ടപ്പോൾ
ക്രിസ്റ്റി സന്തോഷം കൊണ്ട് തുള്ളിച്ചാടി.
"അമ്മേ, അതാ ഒരു കുഞ്ഞുവാവ!
ആ കുഞ്ഞുമുഖം കാണാൻ എന്തു ഭംഗി! "
"മോനേ, അത് വെറുമൊരു കുഞ്ഞുവാവയല്ല."
"പിന്നെ?"
"അതാണ് മോൻ കാണാൻ കൊതിച്ചിരുന്ന ഉണ്ണീശോ."
"ഓഹോ, ഇതാണല്ലേ എന്റെ പൊന്നുണ്ണി! ഉണ്ണിയുടെ അരികിൽ
കാണുന്നതാരൊക്കെയാണമ്മേ? അപ്പനുമമ്മയുമാണോ?"
"അതേയതെ; അതാണ് യൗസേപ്പും മറിയവും. യൗസേപ്പ് ഈശോയുടെ
വളർത്തുപിതാവാണ്; മറിയം അമ്മയും.
അപ്പുറം നില്ക്കുന്നത് രാജാക്കൻമാരും ആട്ടിടയൻമാരുമാണ്;
ഉണ്ണിയെ കാണാൻ വന്നതാണ് അവരെല്ലാം."
"ഹായ്, ഹായ്! എന്തു ചേലുള്ള ഉണ്ണി! നമുക്കീ ഉണ്ണിയെ കുമ്പിടാം."
അവൻ കൈകൾ കൂപ്പി ഉണ്ണിയെ കുമ്പിട്ടു വണങ്ങി.

ക്രിസ്മസ് പുണ്യദിനമാണ്. അന്നാണ് ഈശോയുടെ പിറന്നാൾ. ഉണ്ണീശോ പിറന്നത് ബത്‌ലെഹേമിലെ ഒരു കാലിത്തൊഴുത്തിലാണ്. ഉണ്ണിയെ വണങ്ങാൻ ആട്ടിടയൻമാരും രാജാക്കൻമാരുമെത്തി. അന്ന് ആകാശത്ത് ഒരു അത്ഭുതനക്ഷത്രം തെളിഞ്ഞു. നമുക്കും ഉണ്ണിയെ ആരാധിക്കാം.



## നമുക്കുപാടാം



ഉണ്ണിമിശിഹായെ കാണാം - നമ്മൾ
ക്കാമോദമോടെ വണങ്ങാം
ഉണ്ണിതൻ കണ്ണുകൾ കണ്ടോ - വാനിൽ
മിന്നുന്ന താരങ്ങൾപോലെ
ഉണ്ണിതൻ ചുണ്ടുകൾ കണ്ടോ - നല്ല
ചെമ്പനീർപ്പൂവിതൾ പോലെ
ഉണ്ണിതൻ പൊൻമുഖം കണ്ടോ - നറും
വെണ്ണിലാപാൽക്കുടം പോലെ!





ക്രിസ്മസുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്തി എഴുതാം:

1. ആട്ടിടയൻ
2. ബത്‌ലെഹേം
3.
4.
5.
6.

## ചിത്രത്തിനു നിറം കൊടുക്കാം

ഉണ്ണീശോയുടെ ഈ ചിത്രത്തിനു നിറം കൊടുത്തുനോക്കൂ........



## നമുക്കു ദൈവവചനം ഓർമ്മിക്കാം



" ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു " (ലൂക്ക 2:11).

## നമുക്കു പ്രാർത്ഥിക്കാം



പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയേ, എല്ലാവർക്കും നല്ലതുമാത്രം ചെയ്യാൻ എന്നെ പഠിപ്പിക്കണമേ.

## നമുക്കു പ്രതിജ്ഞചെയ്യാം



എന്റെ കൂട്ടുകാർക്കുവേണ്ടി
ഉണ്ണീശോയോട്
ഞാൻ എപ്പോഴും പ്രാർത്ഥിക്കും.



## സത്പ്രവൃത്തികൾ ശീലിക്കുക

1. ഉണ്ണീശോയുടെ പടമുള്ള ക്രിസ്മസ് കാർഡുകൾ ശേഖരിക്കുക.


2. ..............................................................

..............................................................

3. ..............................................................

..............................................................

## ഓർമ്മിക്കാൻ
## ഒരു ഉണ്ണിക്കവിത



ഉണ്ണി പറഞ്ഞു നമ്മോട്:
"പൊന്നുണ്ണികളായ്ത്തീർന്നീടൂ"


# 6 ഈശോ നമ്മുടെ കൂട്ടുകാരൻ

ടോമി ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. മണ്ണെണ്ണ വിളക്കിന്റെ മങ്ങിയവെട്ടത്തിരുന്നാണ് എല്ലാ ദിവസവും അവൻ പഠിക്കുന്നത്. ഓരോ പരീക്ഷ കഴിയുമ്പോഴും ഏറ്റവും കൂടുതൽ മാർക്ക് ടോമിക്കു തന്നെ. പക്ഷേ, അവന് എഴുതാൻ നല്ലൊരു പെൻസിൽ പോലും ഉണ്ടായിരുന്നില്ല.

ഒരിക്കൽ ടോമി പെൻസിലില്ലാതെ കരയുന്നതുകണ്ട് കൂട്ടുകാരിയായ മരിയ അവന് പകുതി പെൻസിൽ കൊടുത്തു. അതു കിട്ടിയപ്പോൾ ടോമിയുടെ മുഖം സന്തോഷത്താൽ തിളങ്ങി; ഒപ്പം മരിയയുടെയും! മരിയ തന്റെ കൂട്ടുകാരനെ സഹായിച്ചതുപോലെ നമ്മുടെ നല്ലകൂട്ടുകാരിലൂടെ യേശു നമ്മെ എപ്പോഴും സഹായിക്കുന്നു.



ഈശോ നമ്മെ അറിയുന്ന നല്ല കൂട്ടുകാരനാണ്. ഈശോ എല്ലായ്പ്പോഴും നമ്മുടെ കൂടെയുണ്ട്. ഈശോ നമ്മെ ആശ്വസിപ്പിക്കുന്നു. ഈശോ നമ്മെ എപ്പോഴും സഹായിക്കുന്നു. ഈശോ നമ്മെയും മറ്റുള്ളവരെയും സ്നേഹിക്കുന്നു. ഈശോ നമുക്ക് ആവശ്യമുള്ളതെല്ലാം തരുന്നു. നമ്മൾ ഈശോയുടെ സ്നേഹിതരാണ്. നമ്മെ സ്നേഹിക്കുന്ന ഈശോയെ നമുക്കും സ്നേഹിക്കാം. നമുക്കും ഈശോയെപ്പോലെ എല്ലാവരുടെയും സ്നേഹിതരാകാം.







## നമുക്കുപാടാം

ഞങ്ങൾക്കുണ്ടൊരു ചങ്ങാതി
വിനയസ്വരൂപൻ ചങ്ങാതി

കരുണാമയനാം ചങ്ങാതി
ദൈവകുമാരൻ ചങ്ങാതി!

ഞങ്ങൾക്കുണ്ടൊരു ചങ്ങാതി
സ്നേഹസ്വരൂപൻ ചങ്ങാതി

കുഞ്ഞുങ്ങൾക്കൊരു ചങ്ങാതി
ഈശോ എന്നൊരു ചങ്ങാതി

## ഈശോ എനിക്കു നല്കിയത് എഴുതിനോക്കാം



ഉടുപ്പ്
.........................................................

.........................................................

.........................................................

.........................................................

## ഈശോ നമുക്കു നല്കിയ കൂട്ടുകാരുടെ പേരുകൾ എഴുതുക

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

## നമ്മുടെ കൂട്ടുകാരുടെ ഗുണങ്ങൾ പറഞ്ഞ് എഴുതുക

..........................................................................................

..........................................................................................

..........................................................................................




**നമുക്കു ദൈവവചനം ഓർമ്മിക്കാം**

"ഈശോ ശിശുക്കളെ എടുത്ത് അവരുടെ മേൽ കൈകൾ വച്ച് അനുഗ്രഹിച്ചു"
(മർക്കോ. 10:14)

**നമുക്കു പ്രാർത്ഥിക്കാം**

എന്റെ ഈശോയേ, അങ്ങയെ പ്പോലെ എല്ലാവർക്കും നല്ല കൂട്ടുകാര നാകുവാൻ/കൂട്ടുകാരിയാകുവാൻ എന്നെ സഹായിക്കണമേ.





**നമുക്കു പ്രതിജ്ഞ ചെയ്യാം**


ഞാൻ എന്റെ കൂട്ടുകാരെ ആവശ്യങ്ങളിൽ സഹായിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

1. എല്ലാവരോടും പുഞ്ചിരിച്ചുകൊണ്ടുമാത്രം സംസാരിക്കുക.
2. ______
3. ______
4. ______

**ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത**

ഉണ്ണി പറഞ്ഞു നമ്മോട്:
"ചങ്ങാതികളെ സ്നേഹിക്കൂ"



# 7 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ്



വെളുവെളുത്ത കുഞ്ഞുടുപ്പും
മിന്നുന്ന കിന്നരിത്തൊപ്പിയുമണിയിച്ച്
കുഞ്ഞിനെ പള്ളിയിലേക്കു കൊണ്ടുപോയി.
"ഹായ്........... ഒരു മാലാഖക്കുഞ്ഞ്!" ആളുകൾ കൗതുകപൂർവം
പറഞ്ഞു. നമ്മുടെ കുടുംബത്തിൽ ഒരു കുഞ്ഞു ജനിച്ചു!



നമ്മുടെ ഇടവക ഒരു കുടുംബമാണ്. ഇടവകയാകുന്ന കുടുംബത്തിൽ കുഞ്ഞിനെ സ്വീകരിക്കലാണ് ജ്ഞാനസ്നാനം (മാമ്മോദീസ). പ്രത്യേക പ്രാർത്ഥനയോടെ തീർത്ഥജലം ഒഴിച്ച് വൈദികൻ കുഞ്ഞിന് ജ്ഞാനസ്നാനം നല്കുന്നു.

അതോടെ പരിശുദ്ധാത്മാവിന്റെ വെളിച്ചം ആ കുഞ്ഞുമനസ്സിൽ നിറയുന്നു. മാതാപിതാക്കളും ബന്ധുക്കളുമെല്ലാം ഈ ചടങ്ങിൽ പങ്കെടുത്ത് സന്തോഷം പങ്കുവയ്ക്കുന്നു.



ജ്ഞാനസ്നാനസമയത്ത്
ദൈവത്തിന്റെ ആത്മാവ് നമ്മിൽ
എഴുന്നള്ളി വരുന്നു.
**ദൈവത്തിന്റെ ആത്മാവാണ്**
**പരിശുദ്ധാത്മാവ്.**
**പരിശുദ്ധാത്മാവ് ദൈവമാണ്.**
**പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു.**
നമ്മെ സ്നേഹിക്കാൻ പഠിപ്പിക്കുന്നു.
നന്മ ചെയ്യുവാൻ പ്രേരിപ്പിക്കുകയും
സഹായിക്കുകയും ചെയ്യുന്നു.
നമുക്ക് നൻമചെയ്യാൻ ശക്തിതരുന്നു.

## നമുക്കുപാടാം



പാവനാത്മാവേ നീ വന്നണയൂ
പരിശുദ്ധസ്നേഹമായ് വന്നണയൂ

അറിവിന്റെ നിറവായ് നീ വന്നണയൂ
അലിവോടെ ഞങ്ങളിൽ വന്നണയൂ

പാവനാത്മാവേ നീ വന്നണയൂ
ഞങ്ങളിൽ ജീവനായ് വന്നണയൂ

ഉള്ളിന്റെ ഉള്ളിൽ നീ വന്നണയൂ
വെള്ളരിപ്രാവായി വന്നണയൂ

## പരിശുദ്ധാത്മാവിന്റെ സവിശേഷതകൾ കണ്ടെത്തി എഴുതുക




1. ..........................................
2. ശക്തിയാണ്
3. ദൈവമാണ്
4. ..........................................

## പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഒരു പാട്ടു പാടാമോ?


## സത്പ്രവൃത്തികൾ ശീലിക്കുക

1. നിങ്ങൾക്കു കിട്ടുന്ന ഒരു സമ്മാനമെങ്കിലും കൂട്ടുകാരുമായി പങ്കുവയ്ക്കുക.
2. ..........................................
3. ..........................................



### നമുക്കു ദൈവവചനം ഓർമ്മിക്കാം

"പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങി വന്നു" (ലൂക്ക 3:22).




### നമുക്കു പ്രാർത്ഥിക്കാം

"പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളിൽ വസിക്കണമേ."



## നമുക്കു പ്രതിജ്ഞചെയ്യാം

എല്ലാ പ്രവർത്തനങ്ങൾക്കും മുമ്പ്
പരിശുദ്ധാത്മാവിനോട് ഞാൻ പ്രാർത്ഥിക്കും.



## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്: "നന്മകൾ ചെയ്തു വളർന്നീടൂ"

## ചെറിയ കുരിശടയാളം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ
ത്മാവിന്റെയും നാമത്തിൽ, ആമ്മേൻ

## ത്രിത്വ സ്തുതി

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
സ്തുതി; ആദിയിലെപ്പോലെ ഇപ്പോഴും
എപ്പോഴും എന്നേക്കും, ആമ്മേൻ

## വലിയ കുരിശടയാളം

വിശുദ്ധകുരിശിന്റെ + അടയാളത്താൽ ഞങ്ങളുടെ +
ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ +
ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്ര
ന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ,
ആമ്മേൻ

# 8 ഈശോയുടെ അമ്മ നമ്മുടെയും




കുഞ്ഞുന്നാളിൽ നമ്മെ പാലൂട്ടി വളർത്തുന്നത് ആരാണ്? വിശക്കുമ്പോൾ ചോറുമായി നമ്മുടെ അരികിൽ ഓടിയെത്തുന്നത് ആരാണ്? കുളിപ്പിച്ച് മുടി ചീകി നമ്മെ മിടുക്കൻമാരും മിടുക്കികളുമായി മാറ്റുന്നത് ആരാണ്? നമ്മുടെ കുഞ്ഞിക്കാലിൽ ഒരു മുള്ളുതറച്ചാൽ സങ്കടപ്പെടുന്നതാരാണ്? അമ്മയല്ലാതെ മറ്റാര്; അല്ലേ?

**എനിക്ക് എന്റെ അമ്മയെ ഇഷ്ടമാണ്.**
**അമ്മ എന്നും എന്റെ കൂടെയുണ്ട്.**

കണ്ണെത്താദൂരത്ത് പരുന്തിന്റെ നിഴലാട്ടം കാണുമ്പോൾ കുഞ്ഞുങ്ങളെ ചിറകിന്നടിയിൽ ഒളിപ്പിക്കുന്ന അമ്മക്കോഴിയെ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? അവൾ മക്കളുടെ കാര്യത്തിൽ എപ്പോഴും ജാഗ്രതയുള്ളവളാണ്.

**ഈശോയുടെ അമ്മയായ മറിയവും**
**അമ്മക്കോഴിയെപ്പോലെ എല്ലാസമയവും**
**നമ്മെ കാത്തുരക്ഷിക്കുന്നു.**





പരിശുദ്ധമറിയം ഈശോയുടെ അമ്മയാണ്.
പരിശുദ്ധമറിയം സ്നേഹമുള്ള അമ്മയാണ്.
ഈശോ നമ്മുടെ രക്ഷകനാണ്.
ഈശോ ദൈവമാണ്.
പരിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണ്.
ഈശോയുടെ അമ്മ നമ്മുടെയും അമ്മയാണ്.
ഈ അമ്മയെ നാം മാതാവ് എന്നു വിളിക്കുന്നു.
ഈ അമ്മ നമ്മെ സംരക്ഷിക്കുന്നു.
നമ്മുടെ പ്രാർത്ഥന കേൾക്കുന്നു.
ഈശോയെ സ്നേഹിക്കുവാനും
കൂടുതൽ അറിയുവാനും
അമ്മ നമ്മെ സഹായിക്കുന്നു.



## നമുക്കുപാടാം

താരാട്ടുപാടിയുറക്കുമമ്മ
ാലൂട്ടിയെന്നെ വളർത്തുമമ്മ
കനിവിൻ നിറകുടമായൊരമ്മ
എന്നമ്മ -പൊന്നമ്മ - നല്ലൊരമ്മ!

ആപത്തിലോടിയടുക്കുമമ്മ
ആലംബഹീനരെ കാക്കുമമ്മ
യേശുമഹേശനെ പെറ്റൊരമ്മ
എന്നമ്മ - പൊന്നമ്മ - നല്ലൊരമ്മ!




## പരിശുദ്ധമറിയത്തിന്റെ സവിശേഷതകൾ എഴുതുക:


ദൈവമാതാവ്

എന്റെയും അമ്മ

**1. ഉണ്ണിയുടെയും മാതാവിന്റെയും ചിത്രത്തിന് നിറം കൊടുക്കുക**



**2. ഉണ്ണിയും മാതാവും കൂടിയുള്ള പലതരത്തിലുള്ള ചിത്രങ്ങൾ ശേഖരിക്കുക**



**നമുക്കു ദൈവവചനം ഓർമ്മിക്കാം**

"ഇതാ, നിന്റെ അമ്മ"
(യോഹ. 19:27).

**നമുക്കു പ്രാർത്ഥിക്കാം**

പരിശുദ്ധമറിയമേ, എന്റെ അമ്മേ,
എന്റെ ആശ്രയമേ! എനിക്കുവേണ്ടി
പ്രാർത്ഥിക്കണമേ.





## നമുക്കു പ്രതിജ്ഞ ചെയ്യാം

ഞാൻ എന്റെ അമ്മയെ അനുസരിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

1. പരിശുദ്ധമറിയത്തെ എന്നും വിളിച്ച് അപേക്ഷിക്കുന്നു.

2.

3.



## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
"അമ്മയെ നന്നായ് സ്നേഹിക്കൂ"

### പ്രാർത്ഥന

നന്മ നിറഞ്ഞ മറിയമേ, സ്വസ്തി
കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ്
അനുഗ്രഹിക്കപ്പെട്ടവളാകുന്നു,
അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ
അനുഗ്രഹിക്കപ്പെട്ടവനാകുന്നു.
പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ,
പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും
ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട്
അപേക്ഷിക്കണമേ, ആമ്മേൻ.

# 9 നമ്മുടെ ദേവാലയം



കുഞ്ഞുമോൻ എന്നും അതിരാവിലേ ഉണരും; കുളിച്ചൊരുങ്ങി ഒട്ടും വൈകാതെ പള്ളിയിലെത്തും. കൈകൾ കൂപ്പി മുട്ടുകുത്തി പ്രാർത്ഥിക്കും. ദിവ്യബലിയിൽ ഭക്തിപൂർവം പങ്കുചേരും.



ദേവാലയം പ്രാർത്ഥനയുടെയും
ആരാധനയുടെയും സ്ഥലമാണ്.
ദേവാലയം ദൈവം വസിക്കുന്ന ആലയമാണ്.
അവിടെ ദിവ്യകാരുണ്യത്തിൽ ഈശോ വസിക്കുന്നു.
വിശ്വാസികൾ അവിടെ ഒത്തുചേരുന്നു.
ദേവാലയത്തിൽ നാം നിത്യവും ദിവ്യബലി അർപ്പിക്കുന്നു.
ദൈവവചനം പങ്കുവയ്ക്കുന്നു.
ദൈവം വസിക്കുന്ന ആലയം പരിശുദ്ധമാണ്.
ദേവാലയത്തിൽ നാം ഭക്തിപൂർവം പെരുമാറണം.

## നമുക്കുമനസ്സിലാക്കാം






## നമുക്കുപാടാം

കിളിക്കു പാർക്കാൻ കൂടുണ്ട്
അണ്ണാറക്കണ്ണനു പോടുണ്ട്

നമുക്കു പാർക്കാൻ വീടുണ്ട്
ദൈവപിതാവിനു വീടുണ്ടോ?

ദൈവം പാർക്കും വീടല്ലോ
ദേവാലയമതു ചങ്ങാതീ

നിത്യവുമവിടെപ്പോകേണം
ആരാധിച്ചു മടങ്ങേണം

## നമ്മുടെ ദേവാലയത്തിന്റെ ചിത്രംവരച്ച് നിറം കൊടുക്കുക

ദേവാലയത്തിൽ എങ്ങനെയെല്ലാം പെരുമാറണം?

1. ____________________

2. ____________________

3. ____________________



## നമുക്കു ദൈവവചനം ഓർമ്മിക്കാം

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ. 18:20).

## നമുക്കു പ്രാർത്ഥിക്കാം



സക്രാരിയിൽ വസിക്കുന്ന ഈശോയേ,
അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു,
ആരാധിക്കുന്നു.



## നമുക്കു പ്രതിജ്ഞചെയ്യാം

ഞാൻ ദേവാലയത്തിൽ അച്ചടക്കത്തോടെ
പെരുമാറും.

## സത്പ്രവൃത്തികൾ ശീലിക്കുക

1. ദേവാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
2. ______________________________
3. ______________________________

## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത




ഉണ്ണി പറഞ്ഞു നമ്മോട്:
"നന്നായ് നിങ്ങൾ പ്രാർത്ഥിക്കൂ"

# 10 നമ്മുടെ വീട് ദൈവഭവനം




നിങ്ങൾ അണ്ണാറക്കണ്ണനെ കണ്ടിട്ടില്ലേ?
എവിടെയാണ് അണ്ണാറക്കണ്ണൻ പാർക്കുന്നത്?
മരപ്പൊത്തിനുള്ളിൽ. കാക്ക എവിടെയാണു
പാർക്കുന്നത്? കാക്കക്കൂട്ടിൽ.

ഇതുപോലെ ഭൂമിയിലെ ഓരോ ജീവിക്കും
വീടുണ്ട്. എലിക്കും മുയലിനും മാളമുണ്ട്.
എന്തിനു പറയുന്നു, ഒരു കുഞ്ഞുറുമ്പിനുപോലും
അതിന്റേതായ വീടുണ്ട്. ദൈവമാണ്
ഓരോരുത്തർക്കും പറ്റിയ ഇത്തരം വീടുകൾ
നല്കിയത്.



ഉണ്ണീശോയ്ക്കും
ഒരു വീടുണ്ടായിരുന്നു.
നസ്രത്തിലായിരുന്നു
ഈശോയുടെ വീട്.



ഇതാണ് എന്റെ വീട്. എന്റെ അപ്പനും അമ്മയും ചേട്ടനും ചേച്ചിയും ഇവിടെയുണ്ട്. അനുജനും അനുജത്തിയുമുണ്ട്. ദൈവമാണ് ഇവരെ എല്ലാവരെയും എനിക്കു തന്നത്. ദൈവം എന്നെ സ്നേഹിക്കുന്നു. എന്റെ വീട്ടിൽ ദൈവം വസിക്കുന്നു. കളിക്കുന്നിടത്ത് ദൈവമുണ്ട്; പഠിക്കുന്നിടത്ത് ദൈവമുണ്ട്; ഞാൻ ഉണ്ണുന്നിടത്തും ഉറങ്ങുന്നിടത്തും ദൈവമുണ്ട്.

ഇത്ര നല്ല ദൈവത്തെ നാം എപ്പോഴും ഓർക്കണം. രാത്രി കിടക്കുമ്പോഴും രാവിലേ ഉണരുമ്പോഴും നാം ദൈവത്തോട് പ്രാർത്ഥിക്കണം. എല്ലാദിവസവും കുടുംബപ്രാർത്ഥനയിൽ പങ്കുചേരണം.



## നമുക്കുപാടാം

എന്തു നല്ലവീട്
ഞാൻ പിറന്ന വീട്

അച്ഛനുണ്ട് വീട്ടിൽ
സ്വർഗമാണ് വീട്!



എന്തു നല്ലവീട്
ഞാൻ പിറന്ന വീട്

അമ്മയുണ്ട് വീട്ടിൽ
സ്വർഗമാണ് വീട്!

ചേട്ടനുണ്ട് വീട്ടിൽ
ചേച്ചിയുണ്ട് വീട്ടിൽ

ഞങ്ങളൊത്തു വാഴും
സ്വർഗമാണ് വീട്.

## കവിത പൂർത്തിയാക്കുക


ഞങ്ങൾക്കുണ്ടൊരു ചെറുവീട്

..............................................................

..............................................................

..............................................................

1. നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളുടെ പേര് ക്രമമായി എഴുതുക



**നമുക്കു ദൈവവചനം ഓർമ്മിക്കാം**

"കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ" (എഫേ. 6:1).

**നമുക്കു പ്രാർത്ഥിക്കാം**



നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും (ലൂക്ക 24:29).





## നമുക്കു പ്രതിജ്ഞചെയ്യാം

ഞാൻ എന്റെ മാതാപിതാക്കന്മാരെ അനുസരിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക

1. നിങ്ങളുടെ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
2. ______________________________
3. ______________________________



## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
"വീടിനു നന്മ വരുത്തീടൂ"

# 11 ദൈവം നമ്മോടു സംസാരിക്കുന്നു



**നിങ്ങൾ വീട്ടിൽ ബൈബിൾ വായിച്ചു കേട്ടിട്ടുണ്ടല്ലോ.**

**എന്താണീ ബൈബിൾ? ബൈബിൾ ദൈവവചനമാണ്.**


**ദൈവത്തിന്റെ വാക്കുകളെ നാം ദൈവവചനം എന്നു വിളിക്കുന്നു.**

**എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ.**

**നമ്മുടെ മതഗ്രന്ഥമാണ് ബൈബിൾ.**

**ബൈബിളിലൂടെ ദൈവം നമ്മോട് നിരന്തരം സംസാരിക്കുന്നു.**



വിശുദ്ധ ബൈബിളിലൂടെ

ദൈവം നമ്മോട് സംസാരിക്കുന്നു.

ബൈബിൾ വായിക്കുകയും കേൾക്കുകയും

മനസ്സിലാക്കുകയും വേണം.

ബൈബിളിനോട് നമുക്ക് ഭക്തിയും

ആദരവും ഉണ്ടാകണം. നാം ദൈവവചന

മനുസരിച്ച് ജീവിക്കണം.

സുവിശേഷവചനം നാം

മന:പാഠമാക്കണം.

## നമുക്കുപാടാം




ഈശോ ചൊല്ലിയ സുവിശേഷം
പാരിതിലെങ്ങും നിറയട്ടെ

ദൈവികവചനം തിരുവചനം
നമ്മൾക്കാശ്രയമാകട്ടെ

തിരുവചനത്തിൻ മധുരിമയിൽ
നമ്മുടെ ഹൃദയം നിറയട്ടെ

വചനം കേട്ടെൻ മനതാരിൽ
പുതിയവെളിച്ചം വിടരട്ടെ

ബൈബിളിൽ നിങ്ങൾക്കിഷ്ടപ്പെട്ടവരുടെ പേരുകൾ പറയുക.



## നമുക്കു ദൈവവചനം ഓർമ്മിക്കാം

നമുക്കു പരസ്പരം സ്നേഹിക്കാം;
എന്തെന്നാൽ സ്നേഹം
ദൈവത്തിൽ നിന്നുള്ളതാണ് (1 യോഹ. 4:7).



## നമുക്കു പ്രാർത്ഥിക്കാം

ദൈവവചനം ശ്രദ്ധയോടും
ഭക്തിയോടും കൂടെ ശ്രവിക്കാൻ
എന്നെ സഹായിക്കണമേ.


## നമുക്കു പ്രതിജ്ഞചെയ്യാം

വിശുദ്ധ ബൈബിളിനെ എന്നും ഞാൻ
സ്നേഹിക്കുകയും
ബഹുമാനിക്കുകയും ചെയ്യും.



## സത്പ്രവൃത്തികൾ ശീലിക്കുക

1. എല്ലാ ദിവസവും ബൈബിൾ വായിച്ചു കേൾക്കുക.
2. ______________________________
3. ______________________________



## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
"വചനം കേട്ടു വളർന്നീടൂ"

# 12 നമുക്ക് ദൈവത്തോട് സംസാരിക്കാം

ഞങ്ങളുടെ സ്കൂളിൽ ബാലകലോത്സവമായിരുന്നു. ഉണ്ണിക്കുട്ടന്റെ പ്രാർത്ഥനാഗാനത്തോടെയാണ് പരിപാടികൾ തുടങ്ങിയത്. പൂക്കളെയും പൂമ്പാറ്റകളെയും കിളികളെയും സൃഷ്ടിച്ച ദൈവത്തെക്കുറിച്ച് അവൻ പാടിയപ്പോൾ എല്ലാവരും കൈകൂപ്പി. "ഉണ്ണിക്കുട്ടന്റെ പ്രാർത്ഥന അസ്സലായി" - മേരിടീച്ചർ തോളത്തു തട്ടി അവനെ അഭിനന്ദിച്ചു. ഉണ്ണിക്കുട്ടന്റെ മുഖം സന്തോഷത്താൽ വിടർന്നു.

നമ്മുടെ ഒരോ പ്രവൃത്തിയും പ്രാർത്ഥനയോടെയാണ് തുടങ്ങുന്നത്. എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്?



നമ്മളും ദൈവവും തമ്മിലുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന. നമ്മുടെ അപ്പനോടും അമ്മയോടും സംസാരിക്കുന്നതു പോലെ എല്ലാക്കാര്യങ്ങളും ദൈവത്തോടു സംസാരിക്കാം. നമുക്ക് അവിടത്തെ സ്തുതിക്കാം. അവിടത്തേക്ക് നന്ദിപറയാം. നമ്മുടെ തെറ്റുകൾക്ക് മാപ്പുചോദിക്കാം. അവിടത്തോട് നിരന്തരം പ്രാർത്ഥിക്കാം. സ്വന്തം കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല, എല്ലാവരുടെയും നന്മയ്ക്കുവേണ്ടിയും നാം പ്രാർത്ഥിക്കണം.



## നമുക്കുപാടാം

എന്നും രാവിലെയുണരേണം
നന്നായ് പ്രാർത്ഥന ചൊല്ലേണം

നന്ദിസ്തുതികൾ നല്കേണം
എന്നും നാഥനെ വാഴ്ത്തേണം

നല്ലവനാകും സർവേശൻ
നമ്മുടെ പ്രാർത്ഥന കേട്ടീടും

കുഞ്ഞുമനസ്സിൻ വേദനകൾ
ഇല്ലാതാക്കിത്തീർത്തീടും

## ഉണ്ണിയേശുവിന് ഒരു കത്തെഴുതുക

## ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരനുവേണ്ടിയുള്ള ഒരു പ്രാർത്ഥന എഴുതുക

________________________________________

________________________________________

________________________________________

________________________________________

________________________________________

________________________________________

### നമുക്കു ദൈവവചനം ഓർമ്മിക്കാം

"കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ, ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക" (ലൂക്ക 11:1).





### നമുക്കു പ്രാർത്ഥിക്കാം

ദൈവമേ, എല്ലാദിവസവും പ്രാർത്ഥിക്കാനുള്ള നല്ല മനസ്സ് ഞങ്ങൾക്കു നല്കണമേ.



## നമുക്കു പ്രതിജ്ഞചെയ്യാം

എന്റെ കുടുംബത്തിനും കൂട്ടുകാർക്കുംവേണ്ടി
ഞാൻ എന്നും പ്രാർത്ഥിക്കും.

## സത്പ്രവൃത്തികൾ ശീലിക്കുക


1. ചെറുപ്രാർത്ഥനകൾ ശേഖരിക്കുക.
2. ______________________________
3. ______________________________



## ഓർമ്മിക്കാൻ ഒരു ഉണ്ണിക്കവിത

ഉണ്ണി പറഞ്ഞു നമ്മോട്:
"ഉണർവോടെന്നും പ്രാർത്ഥിക്കൂ"

# പതിനഞ്ചുവയസ്സുള്ള വിശുദ്ധൻ



ദാരിദ്ര്യത്തിന്റെ മടിത്തട്ടിലാണ് ഡോമിനിക് പിറന്നുവീണത്. അപ്പച്ചനും അമ്മച്ചിയും അവന് കൺകണ്ട ദൈവങ്ങളായിരുന്നു. തങ്ങളുടെ കൊച്ചു കുടുംബം പോറ്റാൻ വേണ്ടി അപ്പച്ചൻ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ അവന്റെ കുഞ്ഞുമനസ്സിനെ വേദനിപ്പിച്ചു.

ഒരു ദിവസം ജോലികഴിഞ്ഞുവരുന്ന അപ്പച്ചനെ കെട്ടിപ്പുണർന്നുകൊണ്ട് കൊച്ചുഡോമിനിക് പറഞ്ഞു: "എന്റെ പൊന്നപ്പച്ചാ, പണിയെടുത്ത് അങ്ങ് വല്ലാതെ ക്ഷീണിച്ചുപോയല്ലോ. എന്നെ വളർത്തിയെടുക്കാൻ എന്തെല്ലാം കഷ്ടപ്പാടുകളാണ് അപ്പച്ചൻ സഹിക്കുന്നത്! അപ്പച്ചനും അമ്മച്ചിക്കും ആരോഗ്യം തരാൻ ഞാൻ എന്നെന്നും ദൈവത്തോട് പ്രാർത്ഥിക്കും."

മകന്റെ ഈ സാന്ത്വനവാക്കുകൾ കേൾക്കുമ്പോഴൊക്കെ ആ മാതാപിതാക്കളുടെ മനസ്സുനിറയും. ഒരു നല്ല കുട്ടിയായി വളരാൻ അവൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു.

ആരായിരുന്നു ഡോമിനിക് എന്നുപേരുള്ള ഈ നല്ല ബാലൻ? പിൽക്കാലത്ത് പുണ്യവാനായിത്തീർന്ന ഡോമിനിക് സാവിയോ ആയിരുന്നു അത്. 1842 ഏപ്രിൽ 2-ന് ഇറ്റലിയിലെ റീവാ എന്ന സ്ഥലത്താണ് ഡോമിനിക് ജനിച്ചത്. ചാൾസായിരുന്നു അപ്പച്ചൻ; അമ്മ ബ്രിജിത്ത.

കുട്ടിക്കാലത്തു തന്നെ ഡോമിനിക് വീട്ടുജോലികളിൽ മാതാപിതാക്കളെ നന്നായി സഹായിച്ചിരുന്നു. വളരെ ദൂരം നടന്നാണ് അവൻ നിത്യവും പഠിക്കാൻ പോയിരുന്നത്. ഏഴാമത്തെ വയസ്സിൽ ആ കൊച്ചുമിടുക്കൻ പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തി. അതിന്റെ തലേദിവസം അവൻ അമ്മയോടു പറഞ്ഞു: "അമ്മേ, നാളെ എന്റെ ദിവ്യകാരുണ്യസ്വീകരണം നടക്കുകയല്ലേ? എന്റെ തെറ്റുകുറ്റങ്ങളെല്ലാം പൊറുക്കണം. മേലിൽ ഞാൻ കൂടുതൽ അനുസരണയുള്ള കുഞ്ഞായി വളരും." - ഇതുകേട്ട നല്ലവളായ ആ പെറ്റമ്മയുടെ കണ്ണുകൾ സന്തോഷംകൊണ്ടു നിറഞ്ഞു.

**ദിവ്യകാരുണ്യം സ്വീകരിച്ചദിവസം അവൻ നാല് നല്ല തീരുമാനങ്ങളെടുത്തു:**

1. **ഞാൻ കൂടക്കൂടെ കുമ്പസാരിക്കും.**
2. **കടമുള്ള ദിവസങ്ങൾ വിശുദ്ധമായി ആചരിക്കും.**
3. **ഈശോയും മറിയവും എന്റെ സ്നേഹിതരായിരിക്കും.**
4. **പാപത്തെക്കാൾ മരണം ഞാൻ തിരഞ്ഞെടുക്കും.**

ഒരു നല്ല വൈദികനാകണമെന്നതായിരുന്നു ഡോമിനിക്കിന്റെ ജീവിതാഭിലാഷം. അതിനായി അവൻ വിശുദ്ധ ഡോൺ ബോസ്കോ നടത്തിയിരുന്ന വൈദികവിദ്യാലയത്തിൽ ചേർന്നു. അവിടെ അവൻ എല്ലാ കുട്ടികൾക്കും ഒരു നല്ല മാതൃകയായിരുന്നു. പഠിക്കാൻ പിന്നാക്കം നിൽക്കുന്ന കുട്ടികളെ അവൻ പഠിക്കാൻ സഹായിച്ചു. തമ്മിൽത്തമ്മിൽ വഴക്കുകൂടുന്ന കൂട്ടുകാരെ കണ്ടെത്തി അവരെ അനുരഞ്ജനത്തിന്റെ പാതയിൽ കൊണ്ടുവരാനും അവൻ പരിശ്രമിച്ചു.

എങ്കിലും ഇതിനിടയിൽ ഡോമിനിക്കിന്റെ ആരോഗ്യം തീരെ മോശമായിക്കഴിഞ്ഞിരുന്നു. എന്തുപറയാൻ? പതിനഞ്ചുവയസ്സായപ്പോഴേക്കും ദൈവം അവനെ സ്വർഗീയഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി.

**1954 ജൂൺ 12-ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഡോമിനിക്കിനെ വിശുദ്ധനായി നാമകരണം ചെയ്തു.**

വിശുദ്ധ ഡോമിനിക്കിനെപ്പോലെ ചെറുപ്രായത്തിൽത്തന്നെ നമുക്കും നന്മകൾ ചെയ്യാം. നമുക്കും അവനെപ്പോലെ വിശുദ്ധരായിത്തീരാം.

## ഉത്തരം കണ്ടെത്താം

1. ജോലി കഴിഞ്ഞുവരുന്ന അപ്പച്ചനോട് ഡോമിനിക് പറഞ്ഞതെന്ത്?
2. ഡോമിനിക് സാവിയോ എവിടെയാണു ജനിച്ചത്?
3. എത്ര വയസ്സുള്ളപ്പോഴാണ് ഡോമിനിക് ആദ്യകുർബാന സ്വീകരിച്ചത്?
4. ഡോമിനിക്കിന്റെ മാതാപിതാക്കൾ ആരെല്ലാമായിരുന്നു?
5. ദിവ്യകാരുണ്യ സ്വീകരണത്തിന്റെ തലേന്നാൾ ഡോമിനിക് അമ്മയോടു പറഞ്ഞതെന്ത്?
6. ദിവ്യകാരുണ്യം സ്വീകരിച്ച ദിവസം ഡോമിനിക് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത്?
7. വൈദികനാകാൻ ഡോമിനിക് ഏതു വിദ്യാലയത്തിലാണു ചേർന്നത്?
8. വൈദികവിദ്യാലയത്തിൽ ഡോമിനിക് ചെയ്തിരുന്ന സത്പ്രവൃത്തികൾ എന്തൊക്കെയാണ്?
9. എത്രാമത്തെ വയസ്സിലാണ് ഡോമിനിക്കിനെ ദൈവം സ്വർഗീയഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയത്?
10. ഡോമിനിക്കിനെ വിശുദ്ധനായി പ്രഖ്യാപിച്ചത് എന്നാണ്?

**ഓർമ്മിക്കാം**

"എനിക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിവില്ല. എന്നാൽ ദൈവത്തിന്റെ ഉപരി മഹത്ത്വത്തിനായി എത്രയും ചെറിയ കാര്യങ്ങൾ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു"

***(വിശുദ്ധ ഡോമിനിക് സാവിയോ)***